പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1474 06.03.2018-ലെ മറുപടിക്ക്

# സുശീൽഖന്ന റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>" എൻ. ഷംസുദ്ദീൻ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച് പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. പുനഃരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യ |

| | | | |
|---|---|---|---|
| | | | മിട്ട് കൂടുതൽ ചെയിൽ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്. പുതിയ ഡ്യൂട്ടി ക്രമം നിശ്ചയിച്ചതിന് ശേഷം ശരാശരി 78% ആയിരുന്ന fleet utilization ഇപ്പോൾ 87% ആയി ഉയർത്തിയിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം idling ആയിരുന്ന ബസ്സുകളുടെ എണ്ണത്തിന് ആനുപാതികമായി കുറഞ്ഞത് കാരണവും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞത് മൂലവും 50 ലക്ഷം രൂപയുടെ വർദ്ധനവ് പ്രതിദിനം ലഭ്യമായിട്ടുണ്ട്. കൂടാതെ മെക്കാനിക്കൽ വിഭാഗത്തിലെ ജോബ് നോംസ് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തി. ഓഫ്-റോഡ് നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിലേക്കായി ഫ്ലോട്ട് സംവിധാനത്തിൽ വാഹന ഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഗ്യാരേജ് നവീകരണത്തിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക ഉപകരണങ്ങളായ Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. |
| (സി) | സുശീൽ ഖന്ന റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; | (സി) | പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ കൃത്യസമയത്തിന് പെൻഷൻ കൊടുക്കുന്നതിന് എടുത്തിട്ടുള്ള നടപടികളെക്കുറിച്ച് ഒരു സത്യവാങ്മൂലം സമർപ്പിക്കുവാൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഹൈക്കോടതിയെ അറിയിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷനും ശമ്പളവും വിതരണം ചെയ്യുന്നതിനായി സർക്കാർ നൽകിയ ധനസഹായത്തിന്റെ കണക്കുകളും അറിയിച്ചിട്ടുണ്ട്. സാമ്പത്തിക പുനരുദ്ധാരണത്തിനായി പലിശ നിരക്ക് കൂടിയ ഹ്രസ്വകാല വായ്പകൾ ബാങ്ക് കൺസോർഷ്യം മുഖേന പലിശ നിരക്ക് കുറഞ്ഞ ദീർഘകാല വായ്പകളാക്കി മാറ്റുവാൻ നടപടി സ്വീകരിച്ചു വരുന്ന വിവരം വ്യക്തമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ മാനേജ്മെന്റിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികളും അറിയിച്ചിട്ടുണ്ട്. കൂടാതെ, 2018 മാർച്ച് മാസത്തിന് മുമ്പായി കെ.എസ്.ആർ.ടി.സി. പെൻഷൻ കടിശ്ശിക തീർക്കുവാനുള്ള നടപടി സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വിവരവും ബഹു. ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**